LEGISLATIVE BUSINESS

The Kerala Panchayat Union Councils and Zilla Parishads Bill, 1964.

Mr. Speaker : Yesterday, the hon. Minister for Industries and Local Administration has introduced the Kerala Panchayat Union Councils and Zilla Parishads Bill, 1964. He may now move that the Bill be taken into consideration.

Minister for Industries and Local Administration (**Shri K. A. Damodara Menon**) : Sir, I move that the Kerala Panchayat Union Councils and Zilla Parishads Bill, 1964 may be referred to a Select Committee consisting of the following Members :

1 Shri E. M. Sankaran Namboodiripad,
2 ,, P. Ravindran,
3 ,, K. V. Narayanan,
4 ,, P. C. Raghavan Nair,
5 ,, E. P. Gopalan,
6 ,, George Joseph Podipara,
7 ,, T. O. Bava,
8 ,, P. R. Francis,
9 ,, P. S. Karthikeyan,
10 ,, C. G. Janardhanan,
11 ,, M. C. Abraham,
12 ,, P. K. Abdul Kadir,
13 ,, C. Kunjunni Nair,
14 ,, R. Balakrishna Pillai,
15 ,, K. Narayana Kurup,
16 ,, M. Narayana Kurup,
17 ,, P. K. Narayanan Nambiar,
18 ,, Ponnara G. Sreedhar,
19 ,, K. Hassan Gani,
20 ,, K. Moideenkutty Haji,and the mover.

Shri E. P. Poulose : I second it.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) : സർ, ഈ ബിൽ ഇവിടെ അവതരിപ്പിക്കുവാൻ സാധിച്ചതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. നമ്മുടെ രാജ്യത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വളർച്ചയും വികാസവും പഞ്ചായത്തുരാജ് എന്ന ആശയത്തിൽ, നാം വിഭാവനം ചെയ്യുന്ന വിധത്തിൽ അതിനെ ആക്കണമെന്ന തീരുമാനമെടുത്തിട്ട് കുറേക്കാലമായി. കേരളം ഒഴിച്ചുള്ള മറ്റു സംസ്ഥാനങ്ങളിൽ പഞ്ചായത്തുരാജിന്റെ എല്ലാഭാഗവും ഇതിനകം നടപ്പിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ദൗർഭാഗ്യവശാൽ അടിയന്തിരാവസ്ഥ ഇടയ്ക്ക് വന്നതുകൊണ്ടും, പഞ്ചായത്ത് തിരഞ്ഞെടുപ്പുകളൊക്കെനടത്തുവാൻ കാലതാമസം വന്നതുകൊണ്ടും, ഈ ബിൽ രൂപവൽക്കരിക്കുന്നതിനും അത് ഇവിടെ അവതരിപ്പിക്കുന്നതിനും നിർദ്ദിഷ്ട കാലത്തിൽ സാധിക്കാതെ വന്നു. ഈ ബില്ലിന്റെ ഉദ്ദേശം പൊതുവിൽ എല്ലാവരും അംഗീകരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

ഒന്നാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ സ്റ്റേറ്റിലുള്ള എല്ലാ വിഭാഗക്കാർക്കും ഇവിടെയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ആരോഗ്യപരമായി വളർന്നുവരണമെന്നും, അവയ്ക്ക് ഇന്നു നൽകിയിട്ടുള്ളതിൽ കൂടുതൽ അധികാരങ്ങളും നൽകി നമ്മുടെ അധികാര വികേന്ദ്രീകരണം എന്ന ലക്ഷ്യം കൂടുതൽ ഫലപ്രദമാക്കണമെന്നുമുള്ള കാര്യത്തിൽ പൊതുവിൽ അഭിപ്രായ ഐക്യമുണ്ട്. നാം വലിയൊരു പരീക്ഷണമാണ് ഇപ്പോൾ നടത്തിവരുന്നതു്. കേരളത്തിൽ പഞ്ചായത്തു് ആക്റ്റു് നടപ്പിൽ വരുത്തി. ഈ പഞ്ചായത്തു ആക്റ്റനുസരിച്ചു് പഞ്ചായത്തുകൾക്കു് മറ്റു സംസ്ഥാനങ്ങളിൽ നൽകിയിട്ടില്ലാത്ത വിധത്തിൽ വിപുലമായ അധികാരങ്ങളും നമുക്കു് നൽകുവാൻ കഴിഞ്ഞിട്ടുണ്ടു്. ആ അധികാരങ്ങളും ഇനിയും വർദ്ധിപ്പിക്കണമെന്നു് ആഗ്രഹിക്കുന്നവരും ആവശ്യപ്പെടുന്നവരുമായ ഉൽപ്പതിഷ്ണുക്കളും ഈ നിയമസഭയിലുണ്ടെന്നുള്ള കാര്യം വിസ്മരിച്ചുകൊണ്ടല്ല ഞാൻ ഇതു പറയുന്നതു്. പെട്ടന്നു വലിയ വ്യതിയാനങ്ങളും വരുത്തുന്ന പ്രവർത്തനങ്ങളും നാം നടപ്പിൽ വരുത്തിയാൽ അതു പ്രയോഗത്തിൽ വരുത്താൻ, പ്രത്യേകിച്ചും അതിനു് ബാദ്ധ്യസ്ഥരായ പൊതുജനങ്ങൾക്കു് അതിനെക്കുറിച്ചു് ശരിയായ ബോധമുണ്ടാകുന്നതിനും, അതിനാവശ്യമായ സഹായങ്ങളും നൽകുന്നതിനും ഒരു പക്ഷേ കഴിഞ്ഞില്ലെന്നു വരും. അതുകൊണ്ടാണു് ഇന്നു ഞാൻ ആദ്യം പറഞ്ഞതുപോലെ ഇതര സംസ്ഥാനങ്ങളിൽ പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള പഞ്ചായത്തു ആക്റ്ററിൽഉൾക്കൊള്ളുന്ന വ്യവസ്ഥകളെക്കാളും കുറെക്കൂടി പുരോഗമനപരമായ വ്യവസ്ഥകളും ഉൾക്കൊള്ളിച്ചുകൊണ്ടു് നാം ഇവിടെ ഒരു പഞ്ചായത്തു് ആക്റ്റു് ഉണ്ടാക്കുകയും അതു നടപ്പിൽ വരുത്തുകയും ചെയ്യുന്നതു്. അതിനുപരിയായി നമ്മുടെ ഗ്രാമപ്രദേശങ്ങളെ സംബന്ധിച്ചു് പ്രത്യേകിച്ചും തദ്ദേശ സ്വയംഭരണം എന്ന ആശയത്തെത്തന്നെ വിപുലീകരിക്കേണ്ടതായിട്ടുണ്ടു്. നഗരങ്ങളെ സംബന്ധിച്ചിടത്തോളം നോക്കുമ്പോൾ നഗരസഭകളും ഇന്നു നിലവിലുണ്ടു്. അതിനെ താരതമ്യപ്പെടുത്തുന്ന വിധത്തിൽ പഞ്ചായത്തുകളും നടപ്പിൽവന്നു കഴിഞ്ഞിട്ടില്ലേ, അതുകൊണ്ടു് തൃപ്തിപ്പെട്ടുകൂടേ എന്ന ചോദ്യം ഒരുപക്ഷേ ചിലർ ചോദിച്ചേക്കാം. നാം ഉദ്ദേശിക്കുന്ന പഞ്ചായത്തുരാജു് അതിനേക്കാളും വിപുലമാണു്. അതുകൊണ്ടു് ഈ പഞ്ചായത്തുകൾക്കുപരിയായി ചില തദ്ദേശ ഭരണസമിതികളും കൂടി സ്ഥാപിക്കുക എന്നുള്ള ഉദ്ദേശം നടപ്പിൽ വരുത്താനായിട്ടാണു് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഇതിലെ പ്രധാന വ്യവസ്ഥകളെക്കുറിച്ചു് ചില കാര്യങ്ങളും ഇവിടെ പറഞ്ഞുകൊള്ളട്ടെ. വളരെ വിശദമായ ഒരു ചർച്ചയ്ക്കു് ഈ ബില്ലിലെ വകുപ്പുകളെ സംബന്ധിച്ചു് ഞാൻ മുതിരുന്നില്ല. കാരണം ഈ ബില്ലിന്റെ കാപ്പി ബഹുമാനപ്പെട്ട മെംബർമാർക്കെല്ലാം അയച്ചിട്ടുള്ളതാണു്. ഈ ബിൽ സെലക്റ്റു കമ്മിറ്റിക്കു് സമർപ്പിക്കാനാണു് പോകുന്നതു്. സെലക്റ്റു കമ്മിറ്റിയിലെ അംഗസംഖ്യ കുറേ വർദ്ധിപ്പിച്ചു എന്നു സൂചിപ്പിക്കുന്ന തരത്തിൽ ശ്രീ. കുഞ്ഞിരാമൻ നമ്പ്യാർ ഇവിടെ ഒരു ചോദ്യം ചോദിക്കുകയുണ്ടായി. അതിൽ ഞാൻ വേദനിക്കുന്നു സർ. ഇത്ര മാത്രം പ്രധാനമായ ഒരു ബില്ലിനെ സംബന്ധിച്ചു് അതിന്റെ സെലക്റ്റു കമ്മിറ്റിയിൽ ഈ സഭയിലെ ഗണ്യമായ ഭാഗം മെമ്പർമാർ ഉൾക്കൊള്ളുന്നതു് നല്ലതാണെന്നു എനിക്കു തോന്നി. അവക്കെല്ലാമുള്ള അഭിപ്രായത്തെ കണക്കിലെടുക്കുന്നതാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ഇതിന്റെ സെലക്റ്റു കമ്മിറ്റിയിൽ എത്ര മെംബറന്മാരുണ്ടു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : 21. ഞാൻ ഇതിനു ഉത്തരം പറഞ്ഞതു് ശ്രീ. ഗോപാലൻ പല പ്രാവശ്യവും പലതും സംസാരിച്ചുകൊണ്ടിരിക്കുന്ന കൂട്ടത്തിൽ വിട്ടുപോയതായിരിക്കും.

ശ്രീ. ഈ പി. ഗോപാലൻ : എന്നെ സംബന്ധിച്ചിടത്തോളം അതു കേൾവിക്കുറവുകൊണ്ടല്ല, പറയുന്നതിലുള്ള കുഴപ്പംകൊണ്ടാണു് അങ്ങനെ സംഭവിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : എന്റെ ശബ്ദത്തെപ്പറ്റിയാണു് ഗോപാലൻ പറയുന്നതെങ്കിൽ അതു് ഞാൻ സമ്മതിക്കുന്നു. ശ്രീ. ഗോപാലനെപ്പോലെ ഉറക്കെ സംസാരിക്കുവാനും ശബ്ദം ഉണ്ടാക്കാനും എനിക്കു് കഴിയുകയില്ല. എങ്കിലും ശ്രദ്ധിച്ചാൽ കേൾക്കാൻ വിഷമമില്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : സെലക്ടുകമ്മിറ്റി അംഗങ്ങളുടെ കൂട്ടത്തിൽ ഭരണകക്ഷിയിൽപ്പെട്ടവർ എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങൾ മൂവർ ഉൾപ്പെടെ 12 ആണു്.

ശ്രീ. ഈ. പി. ഗോപാലൻ : അങ്ങനെ എണ്ണം പറഞ്ഞ സ്ഥിതിക്കു് ചോദിക്കുകയാണു്. സാധാരണ ഇതുപോലുള്ള പ്രധാനപ്പെട്ട ബില്ലിനു് സെലക്ടു കമ്മിറ്റിയിലേക്കു് അംഗങ്ങളെ എടുക്കുമ്പോൾ മൂവരടക്കമുള്ള സംഖ്യയിൽനിന്നു് മുക്കാലും ഭരണകക്ഷിക്കു് കൊടുത്തിട്ടു് ബാക്കി പ്രതിപക്ഷങ്ങൾക്കു കൊടുക്കുന്നതു് ഏതു സെലക്ടുകമ്മിറ്റിയുടെ പേരെടുത്തു നോക്കിയാലും അംഗീകരിച്ചിട്ടുള്ള അലിഖിതമായ ഒരു തത്വമാണെന്നു കാണാം. അതെന്താണു് ഈ കാര്യത്തിൽ മാറ്റിയിട്ടുള്ളതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിൽ പ്രത്യേകമായ ഉദ്ദേശമൊന്നുമില്ല. ഇവിടെ പ്രതിപക്ഷങ്ങളുമായി ആലോചിച്ചു് അവർ ലിസ്റ്റുതന്നു. അതു ഞാൻ വായിച്ചു എന്നേയുള്ള. എല്ലാ കാര്യത്തിലും ഒരുദ്ദേശം കാണരുതെന്നു തുടക്കത്തിലേ ഞാൻ ബഹുമാനപ്പെട്ട മെമ്പറോടപേക്ഷിക്കുകയാണു്. ഇതിനെ സംബന്ധിച്ചു് സെലക്ടു കമ്മിറ്റിയിൽ കൂടുതൽ അംഗങ്ങളുള്ളതു് നല്ലതെന്നുതോന്നി. ഈ ബിൽ സെലക്ടുകമ്മിറ്റിക്കു് അയയ്ക്കാൻ പോകുന്നതേയുള്ള. ഇതൊരു ഭേദഗതി ബില്ലല്ല. പുതുതായി ഒരു ബിൽ അവതരിപ്പിക്കുകയാണു്. ആ നിയമത്തിനു് അവക്കു് നൽകുവാനുള്ള നിർദ്ദേശംകൂടി കൊടുത്തു് ബില്ലിനു് അവസാനരൂപം കൊടുക്കുന്നതിനുവേണ്ടി സദുദ്ദേശത്തോടുകൂടി മെമ്പറന്മാരുടെ ലിസ്റ്റു വായിച്ചപ്പോൾ തുടങ്ങിയല്ലോ ഒരുദ്ദേശമാണെന്നും പറഞ്ഞുകൊണ്ടു് വാദഗതികൻ. സർ, ഇതൊരു ആരോഗ്യപരമായ മനോഭാവമാണെന്നു പായുവാൻ സാധിക്കാതെ വന്നതിൽ ഞാൻ ഖേദിക്കുന്നു. ഈ ബില്ലിലെ ചില പ്രധാന കാര്യങ്ങളെക്കുറിച്ചുമാത്രമേ ഞാൻ ഇപ്പോൾ ആമുഖമായി പറയുന്നുള്ള. ഞാൻ ആദ്യം പറഞ്ഞതുപോലെ സെലക്ടു കമ്മിറ്റി മെമ്പറന്മാർ ഇതിനെക്കുറിച്ചു് വിശദമായി ചർച്ചചെയ്യും.

ഒന്നാമതു് എനിക്കു പറയാനുള്ളതു് ഒരു ബ്ലോക്കു് അതിർത്തിയിൽപ്പെട്ട പഞ്ചായത്തുകളും, ആ പഞ്ചായത്തുകളിലെ പ്രതിനിധികളും തിരഞ്ഞെടുക്കുന്ന അംഗങ്ങളും ഉൾക്കൊള്ളുന്ന ഒരു പഞ്ചായത്തു് യൂണിയൻ കൗൺസിൽ എന്നാണു വ്യവസ്ഥ. ഒരു ബ്ലോക്കു അതിർത്തിയിൽ അഞ്ചോ, ആറോ പഞ്ചായത്തുകളും ഉണ്ടായിരിക്കും. ഈ പഞ്ചായത്തുകളിലെ മെമ്പറന്മാർ അവർ ആ ബ്ലോക്കിന്റെ അതിർത്തിയിൽ താമസിക്കുന്ന ജനസംഖ്യയുടെ പതിനായിരത്തിനു് ഒരു പ്രതിനിധി എന്ന നിലയിൽ ഈ മെമ്പറന്മാർ തിരഞ്ഞെടുക്കുന്ന ആളുകളും കൗൺസിലിലെ മെമ്പറന്മാരായിരിക്കും. പഞ്ചായത്തു പ്രസിഡൻറന്മാരൊക്കെ യൂണിയൻ കൗൺസിലിലെ മെംബറന്മാരായിരിക്കും. അങ്ങനെയുള്ള തിരഞ്ഞെടുക്കപ്പെട്ട ഒരു ഇലക്ടറൽ കോളേജു മാതിരിയായിരിക്കും. ഈ പഞ്ചായത്തു യൂണിയനിൽപ്പെട്ട വോട്ടറന്മാരുടെ യോഗ്യതയുള്ള ആരെയെങ്കിലും അവക്കു് തിരഞ്ഞെടുക്കാൻ സാധിക്കുന്നതാണു്. അതാണു് വ്യവസ്ഥ. പിന്നെ രണ്ടു സ്ത്രീകളേയും, രണ്ടു പട്ടികവിഭാഗത്തിൽപ്പെട്ട പ്രതിനിധികളേയും തിരഞ്ഞെടുക്കാനും പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഇങ്ങനെയാണു് ബ്ലോക്കു് യൂണിയൻ കൗൺസിൽ രൂപവൽക്കരിക്കപ്പെടുന്നതു്. ആ കൗൺസിലിനു് ഒരു തിരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറും, വൈസ്പ്രസിഡൻറും ഉണ്ടായിരിക്കും. ഈ കൗൺസിലിനു് അതിന്റെ കാര്യങ്ങളൊക്കെ നോക്കുന്നതിനും, അതിന്റെ എക്സിക്യൂട്ടീവായ കാര്യങ്ങളും നിർവഹിക്കുന്നതിനും ഒരു ഡെവലപ്പ്മെൻറു് ആഫീസർ ഉണ്ടായിരിക്കും. ആ ഡെവലപ്പ്മെൻറു് ആഫീസർ ഇന്നുള്ള ബ്ലോക്കു് ഡെവലപ്പ്മെൻറു് ആഫീസർതന്നെ ആയിരി

[ശ്രീ. കെ. എ. മാമോദരമേനോൻ]

ക്കണമെന്നുള്ളതാണു് ഉദ്ദേശം. ഈ ഡവലപ്പ്മെന്റു് ആഫീസറെ ഗവ ണ്മെന്റായിരിക്കും നിർദ്ദേശിക്കുക. ഈ പഞ്ചായത്തു യൂണിയൻ കൗൺസി ലിനു് ഞാൻ ആദ്യം പറഞ്ഞതുപോലെ വിപുലമായ അധികാരങ്ങളും ഇന്നു നൽകുന്നുണ്ടു്. ഈ അധികാരങ്ങളും എന്തൊക്കെയാണെന്നു് ഇതിലെ 41—42 വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഇതു് സർ, അങ്ങു് അനുവദി ക്കുമെങ്കിൽ ഞാൻ വായിക്കാം.

41. The Union shall be the basic unit of Planning and Development in the State and shall as such, be responsible for the preparation and execution of all schemes of local welfare and development for the area.

42. Notwithstanding anything contained in the Kerala panchayats Act, 1960 but subject to the provision of this Act and the rules made thereunder, it shall be the duty of a Council to provide for and make provision for carrying out the requirements of the Union in respect of the following matters, namely:—

(a) implementation of the programme of Community Development, including in particular all measures relating to development of agriculture, animal husbandry and Village industries organised on an individual or co-operative basis;

(b) construction, repair and maintenance of all public roads within the Union other than National Highways, State Highways and District Roads.

Explanation: For the purposes of this clause, "State Highways" shall mean the Highways declared as such by the Government and "District Roads" shall mean the roads declared as such by the Chief Engineer (Buildings and Roads) ;

(c) the establishment and maintenance of maternity and child welfare centres including the provision for advice and assistance to married persons in family planning and the training and employment of vaccinators;

(d) construction and maintenance of poor houses, orphanages, and the provisions of house sites;

(e) preventive and remedial measures connected with any epidemic or with Malaria;

(f) veterinary relief and improvements in animal husbandry;

(g) fisheries;

(h) the establishment and maintenance of choultries and rest houses other than those under the control of the State Public Works Department

(i) improvement of agriculture, agricultural stocks and the production and distribution of agricultural implements;

(j) the promotion and encouragement of cottage, village, and small-scale industries;

(k) promotion of tourism;

(l) amelioration of the condition of backward classes;

(m) promotion of co-operation by helping in the establishment and strengthening of service industrial, irrigation, farming and other co-operative societies.

LIBRARY ARCHIVES Kerala Legislative Assembly

(n) social education activities;

(o) minor irrigation works classified as such by the Collector.

ഇപ്പോൾ ഞാൻ ഒരു വലിയ ലിസ്റ്റു് ഇവിടെ വായിച്ചതിന്റെ കാരണം നിങ്ങളൊക്കെ അതു് വായിച്ചിട്ടില്ലെന്നു വിചാരിച്ചല്ല. ശ്രീ. ഗോപാലൻ തലയാട്ടുന്നതുകൊണ്ടു് പറഞ്ഞതാണു്. ഇതു് വളരെ പ്രധാനപ്പെട്ട കാര്യമാണു്, അതുകൊണ്ടു് എല്ലാവരും ഒന്നുകൂടി അറിയട്ടെ എന്നു വിചാരിച്ചാണു് വായിച്ചതു്.

ശ്രീ. ഇ. പി. ഗോപാലൻ : എല്ലാം വായിച്ചതുകൊണ്ടു് തലയാട്ടിയതാണു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഇതു് വായിക്കാത്തവരും കാണും.

ശ്രീ. കെ. എ. ദാമോദരമേനോൻ : ഒരാളെങ്കിലും ഇങ്ങനെ പറഞ്ഞതിൽ സന്തോഷിക്കുന്നു. ഈ ബില്ലുകൊണ്ടു് ഈ കൗൺസിലിനു കൊടുക്കുന്ന പ്രത്യേകമായ അധികാരങ്ങളും, അവകാശങ്ങളും, ചുമതലകളും ഇവയെക്കുറിച്ചൊക്കെ ഞാൻ വായിച്ചതിൽനിന്നു് ബഹുമാനപ്പെട്ട മെമ്പറന്മാർക്കു് എന്തോണ്ടു് ഒരു രൂപം ഉണ്ടായിരിക്കുമെന്നു വിചാരിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ : ഇപ്പോൾ വായിച്ചതു് യൂണിയൻ കൗൺസിലിന്റെ അധികാരത്തിൽപ്പെടുന്നതോ, അല്ലെങ്കിൽ ഉത്തരവാദിത്വത്തിൽപ്പെടുന്നതോ ആണു്. പഞ്ചായത്താക്ടറുപ്രകാരം പഞ്ചായത്തിനു കൊടുത്തിട്ടുള്ള അധികാരവും, ഉത്തരവാദിത്വവും എടുത്തിട്ടു് മറ്റൊരു പതനം ഉണ്ടാക്കി പഞ്ചായത്തുരാജിനു കൊടുത്ത അധികാരം എടുത്തു് യൂണിയൻ കൗൺസിലിനു കൊടുത്തു എന്നാണോ വിശ്വസിക്കേണ്ടതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെയല്ല. ശ്രീ. ഗോപാലൻ മനസ്സിലാക്കാൻവേണ്ടി ആ ചോദ്യം ചോദിച്ചതിൽ സന്തോഷമുണ്ടു്. അങ്ങനെ സംശയിക്കുകയേ വേണ്ട. പഞ്ചായത്തുകളുടെ അധികാരം അവക്കുണ്ടു്. പഞ്ചായത്തുകളുടെ പ്രതിനിധികളും ഉൾക്കൊള്ളുന്ന കൗൺസിലുകൾക്കും അവരുടെ അവകാശം നിവ്വഹിക്കുന്നതിനു് ആവശ്യമായ പിൻതുണയും സൗകര്യങ്ങളും, സാമ്പത്തികസഹായങ്ങളും നൽകുക മുതലായ പല ചുമതലകളുണ്ടു്. ആ ചുമതലകളും പല അവസരത്തിലും പഞ്ചായത്തുകളെക്കൊണ്ടു് നിവ്വഹിപ്പിക്കുക എന്നുള്ളതാണു് ഇതുകൊണ്ടു് വിഭാവനം ചെയ്തിട്ടുള്ളതു്. ഇതു് എല്ലാ പ്രൊവിഷനും വായിച്ചാൽ മനസ്സിലാകുന്നതാണു്. ശ്രീ. ഗോപാലൻ ചോദിച്ചതുപോലെയാണെങ്കിൽ അതു വളരെ ബുദ്ധിശൂന്യമായ ഒരു നിലപാടായിരിക്കും. പഞ്ചായത്തുരാജും യൂണിയൻ കൗൺസിലും തമ്മിൽ സഹകരിച്ചുകൊണ്ടു് ഇന്നു് ബ്ലാക്കു് ഡവലപ്പുമെൻറിനു് ചെയ്യുപോരുന്ന കാര്യങ്ങളും മിക്കവാറും എല്ലാം തന്നെയും ഈ പഞ്ചായത്തിന്റെ പ്രതിനിധികളുടെ ഹസ്തങ്ങളിലേക്കു് സമർപ്പിക്കുകയാണു് ചെയ്യുന്നതു്. മറ്റു വികസന പരിപാടികളും ഇവരെ ഏല്പിക്കുകയാണു്. ഈ വികസന പരിപാടികളും ഇന്നു് ഏജ്സിക്യൂട്ടീവു് ആഫീസറന്മാരുടെ മുമ്പിൽ ഇരിക്കുകയാണു്. ആ നിലപാടിൽ നിന്നു് വളരെ വളരെ പരിവർത്തനം, ഒരു വിപ്ലവകരമായ പുരോഗതിതന്നെയും ഇവിടെ വരുന്നുണ്ടു്. പഞ്ചായത്തിലെ പ്രതിനിധികളും തന്നെ ബ്ലോക്കിലെ എല്ലാ പരിപാടികളും നിവ്വഹിക്കണം. ബ്ലോക്കു് ഡെവലപ്പുമെൻറു് എന്നു പറഞ്ഞാൽ, യഥാർത്ഥത്തിൽ അടിസ്ഥാനപരമായി നമ്മുടെ ഗ്രാമപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ ദേശീയ പുനരുദ്ധാരണത്തിനുള്ള ബഹുജനങ്ങളും-ആ ബഹുജനങ്ങളുടെ പ്രതിനിധികളിൽത്തന്നെയാണു് ഇതിന്റെ പ്രവർത്തനം നിലനിൽക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : പഞ്ചായത്തുരാജ് നടപ്പാക്കുന്നതിന്റെ ഭാഗമായിട്ട് മറ്റു സംസ്ഥാനങ്ങളിലെ യൂണിയനുകളിലും കൗൺസിലുകളിലും നടത്തുന്നതുപോലെയാണോ നടത്തുന്നത് ? അങ്ങനെയാണെങ്കിൽ ചില സംസ്ഥാനങ്ങളിൽ പഞ്ചായത്തിന്റെ പ്രവർത്തനം നഷ്ടപ്പെടുന്നുണ്ട്. ആ അനുഭവംകൂടി വച്ചുകൊണ്ട് ഈ ലെജിസ്ലേഷനിൽ വല്ല വ്യത്യാസവും വരുത്താൻ തയ്യാറുണ്ടോ ?

ശ്രീ. പി. വിശ്വംഭരൻ : സർ, സെലക്ട് കമ്മിറ്റി മെമ്പറായതുകൊണ്ട് പ്രസംഗിക്കാൻ സൗകര്യമില്ലെന്നുള്ളതുകൊണ്ട് പ്രസംഗം മുഴുവൻ ചോദ്യത്തിലാക്കി അവതരിപ്പിക്കാമെന്നു വല്ല നടപടിക്രമവും ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : അങ്ങനെ നടപടിക്രമമില്ല.

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെ ഒരു ഉപായം ശ്രീ. ഗോപാലൻ എടുക്കുന്നുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും അദ്ദേഹത്തിനു സെലക്ട് കമ്മിറ്റിയിൽ വന്ന് ഇതേപ്പറ്റി വിശദമായി ചർച്ച ചെയ്യാം. ഞാൻ അദ്ദേഹത്തിന്റെ ചോദ്യത്തിനു മറുപടി പറയാം. വാസ്തവത്തിൽ നമ്മുടെ രാജ്യത്തു നടപ്പിൽ വന്നിട്ടുള്ള പഞ്ചായത്താക്ടിൽ ഇതര സംസ്ഥാനങ്ങളിൽ ഇന്നു അനുവദിക്കപ്പെട്ടിട്ടില്ലാത്ത അധികാരങ്ങളെല്ലാം നൽകിയിട്ടുണ്ടെന്നു ഞാൻ നേരത്തേകൂട്ടി പറഞ്ഞതു ഈ പ്രത്യേക സംശയങ്ങളെ ദൂരീകരിക്കാൻ വേണ്ടിയാണു. അതുകൊണ്ട് ഇതര സംസ്ഥാനങ്ങളിൽ പഞ്ചായത്തിന്റെ പ്രവർത്തനം യൂണിയൻ കൗൺസിലിന്റെ പ്രവർത്തനഫലമായി മന്ദീഭവിക്കാൻ ഇടവന്നിട്ടുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണം, ഈ സംസ്ഥാനങ്ങളിൽ പഞ്ചായത്തുകൾക്കു ഇവിടെ നാം നൽകിയിടത്തോളം സ്റ്റാറ്റ്യൂട്ടറി അധികാരം നൽകാതെ പോയതാണു. ഇവിടെ അങ്ങനെയുള്ള ഒരു പരസ്പര സംഘട്ടനം ഉണ്ടാകാൻ യാതൊരു സാദ്ധ്യതയുമില്ല. ഇനിയും വല്ല സംശയവുമുണ്ടെങ്കിൽ അതു സെലക്ട് കമ്മിറ്റിയിൽ തീർക്കാവുന്നതാണു.

പിന്നൊന്നു ശ്രീ. ഗോപാലൻ ചോദിച്ചു, മറ്റു സംസ്ഥാനങ്ങളിൽ പഞ്ചായത്തുരാജ് ഒക്കെ നടപ്പിൽ വന്നതുകൊണ്ട് ആ ആക്ടുകളൊക്കെ പരിശോധിച്ചശേഷമാണോ ഈ ബിൽ കൊണ്ടുവരാൻ ഇടയായതു എന്നു. അതൊക്കെ പരിശോധിച്ചു. ഓരോ സംസ്ഥാനത്തും പലവിധത്തിലാണു നടപ്പിൽവന്നിട്ടുള്ളതു പ്രധാനമായി പറഞ്ഞാൽ ഇവിടെ നാം അംഗീകരിച്ചിട്ടുള്ളതു നമ്മുടെ അയൽ സംസ്ഥാനമായ മദ്രാസ് സംസ്ഥാനത്തിൽ വന്നിട്ടുള്ള ആക്ടിലെ വ്യവസ്ഥകളാണു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു പഞ്ചായത്തിന്റെ അധികാരങ്ങളെല്ലാം പഞ്ചായത്തുകൾക്കുതന്നെയെന്നു. പഞ്ചായത്തുകൾക്കില്ലാത്ത ചില അധികാരങ്ങളും കൗൺസിലിനു കൊടുത്തു എന്നു പറഞ്ഞു. സർ, ഈ പേജ് 18–ക്ലാസ് 42–ൽ 'Duties and functions of Council' എന്നു പറയുന്നിടത്തു

'(b) Construction, repair and maintenance of all public roads within the Union other than National Highways, State Highways and District Roads'.

എന്നാണു പറയുന്നതു. അപ്പോൾ പിന്നെ പഞ്ചായത്തുകൾക്കു റോഡു് എവിടെയാണു. ഇതെല്ലാം പഞ്ചായത്തിനു കൊടുത്തു കഴിഞ്ഞാൽ കൗൺസിലിനു് ഒന്നുമില്ലേ?

ശ്രീ. പി. വിശ്വംഭരൻ : സർ, ഒരു പോയിന്റു് ഓഫ് ആർഡർ. സെലക്ട് കമ്മിറ്റി മെമ്പറന്മാർ അല്ലാത്ത ആളുകൾക്കു് വളരെ വിശദമായ ചർച്ച നടത്താവുന്നതാണു്. അപ്പോൾ ആ അവസരത്തിൽ മെമ്പറന്മാരെല്ലാം ഒരുമിച്ചു അഭിപ്രായം പറഞ്ഞാൽ മന്ത്രിക്കു് മറുപടി പറയാൻ സൗകര്യം ഉണ്ടാകുമെന്നാണു് തോന്നുന്നതു്. ഞങ്ങളിൽ ചിലർ മന്ത്രിയുടെ പ്രസംഗം

LIBRARY, ARCHIVES Kerala Legislative Assembly

വളരെ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കുമ്പോൾ ഈ വിധത്തിൽ ഇടയ്ക്കിടയ്ക്കുള്ള പ്രസംഗങ്ങൾ തടസ്സമുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് സെലക്ട് കമ്മിറ്റി മെമ്പറന്മാർക്ക് സെലക്ട് കമ്മിറ്റിയിൽ പറയാൻ സൗകര്യമുണ്ടെന്നും അല്ലാത്തവർക്ക് പ്രസംഗിക്കാൻ സൗകര്യമുണ്ടെന്നും മനസ്സിലാക്കി ഇങ്ങനെ സെലക്ട് കമ്മിറ്റി മെമ്പറന്മാർ പ്രസംഗം മുഴുവൻ ചോദ്യമായി കൊണ്ടുവരാമോയെന്നും അറിഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ : പ്രസംഗം ചെയ്യാൻ പാടില്ലെന്നില്ല. സെലക്ട് കമ്മിറ്റിയിൽ എടുത്തവർക്ക് കമ്മിറ്റിയിൽ അഭിപ്രായം പറയാവുന്നതാണ്. എങ്കിലും ചില സന്ദർഭങ്ങളിൽ ഇങ്ങനെ വരാറുണ്ട്. ഇവിടെ അതല്ലല്ലോ പ്രശ്നം. ഇവിടെ മന്ത്രിയുടെ വിശദീകരണം കേൾക്കുമ്പോൾ ഒരു മെമ്പർക്ക് പെട്ടെന്നു സംശയം ഉണ്ടായിപ്പോയാൽ ആ മെമ്പറുടെ സംശയനിവാരണത്തിനു വേണ്ടി മാത്രമല്ല, സഭയുടെ ആകെ സംശയനിവാരണത്തിനുകൂടി ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കുന്നതു് നന്നായിരിക്കുമെന്നാണ്.

ശ്രീ. കെ. എ. ദാമോദരമേനോൻ : അതു കൊള്ളാം സർ.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ശ്രീ. വിശ്വംഭരനുംകൂടി അറിയാനാണ് ചോദ്യം ചോദിക്കുന്നതു്.

മി. സ്പീക്കർ : എന്നാലും പ്രസംഗിക്കേണ്ട; ചോദ്യം ചോദിച്ചാൽ മതി.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : പേജ് 18—ക്ലാസ് 42 എന്നൊക്കെ പറയുമ്പോൾ പ്രസംഗമല്ല മാറർ വച്ചുകൊണ്ട് സംസാരിക്കുകയാണു്. പഞ്ചായത്തുകൾക്കുള്ള അധികാരങ്ങൾ എടുത്തുകളയുകയാണെന്നു് തോന്നും. അതുകൊണ്ടു് ഇതൊന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചു വായിച്ചു നോക്കിയാൽ മനസിലാകും.

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ഇപ്പോൾ പറഞ്ഞു വന്നതു് ഞാൻ വായിച്ചിട്ടില്ലെന്നാണു്. ഞാൻ ആദ്യം പറഞ്ഞു, ഈ വിധത്തിലുള്ള നിയമനിർമ്മാണത്തിൽ പ്രത്യേകിച്ചും വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള രചനാത്മകമായ കർമ്മപദ്ധതികളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചെയ്യുമ്പോൾ കുറെ ഓവർലാപ്പിംഗ് വരും. ഇതു് പരസ്പരം അഭിപ്രായവ്യത്യാസമായിട്ടോ മറ്റോ കലാശിക്കാതിരിക്കാൻ ചില വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടു്. മാത്രമല്ല ഒരു കാര്യം ശ്രീ. നമ്പ്യാർ മനസ്സിലാക്കേണ്ടതായിട്ടുണ്ടു്. ഈ ബില്ലിന്റെ ഉദ്ദേശം ഈ രണ്ടു ഘടകങ്ങളും പരസ്പരം സഹകരിച്ചു പ്രവർത്തിക്കണമെന്നാണു്. ഇതൊരു പ്രധാനപ്പെട്ട ബില്ലായതുകൊണ്ടു് സെലക്ട് കമ്മിറ്റിയിൽ കൂടുതൽ മെമ്പറന്മാർ വന്നു് അവരുടെ അഭിപ്രായങ്ങൾ പറഞ്ഞു് ഇതു് പാസ്സാക്കണമെന്നു വിചാരിച്ചാണു് 21 പേരെ ഉൾപ്പെടുത്തിയതു്.

ശ്രീ. ഓ. കോരൻ : ഇപ്പോൾ സെലക്ട് കമ്മിറ്റിയിൽ 21 മെമ്പർമാരുണ്ടെന്നു പറയുന്നു. അതിൽ ഭരണകക്ഷിയിലുള്ള 12 മെമ്പറന്മാരുടെ പേർ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ബാക്കിയുള്ളവരുടെ പേർ പറഞ്ഞില്ല,

മി. സ്പീക്കർ: സെലക്ട് കമ്മിറ്റിയിലെ എല്ലാ അംഗങ്ങളുടേയും പേർ പറഞ്ഞല്ലോ ?

ശ്രീ. കെ. എ. ദാമോദർമേനോൻ: സർ, ഞാൻ ഒരു നിർദ്ദേശം അങ്ങയുടെ മുമ്പിൽ വയ്ക്കുകയാണു്. ഇപ്പോൾ പല മെമ്പറന്മാരും ഞാൻ പ്രസംഗിച്ചതു് കേട്ടുകൊണ്ടിരിക്കുന്നുണ്ടു്. പലരും ഞാൻ പറഞ്ഞതു് കേൾക്കാതെ ബില്ലു തന്നെ വായിച്ചിട്ടുണ്ടാവും. അങ്ങനെയുള്ള ആളുകൾക്കെല്ലാം ഇനിയും പല സംശയങ്ങളും ഉണ്ടാകാം. അങ്ങനെയുള്ളവർ അവർക്ക് പറയാനുള്ളതു് പറയട്ടെ. അതിനെല്ലാം ഞാൻ മറുപടി പറയാം. അതിനുശേഷം ഈ ബില്ലു് സെലക്ട് കമ്മിറ്റിക്കു അയയ്ക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോൾ ഇതിന്റെ ജനറൽ പ്രിൻസിപ്പിളിനെപ്പറ്റിയാണല്ലോ ചർച്ച ചെയ്യുന്നത്. ഒരു പുതിയ ലജിസ്ലേഷൻ എന്ന നിലയിൽ മദ്രാസ് ആക്റ്റിനോടാണ് ഈ ബില്ലിനു കൂടുതൽ കടപ്പാടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു മനസ്സിലായി. മദിരാശിയിലാണെങ്കിൽ പഞ്ചായത്തുകളുടെ പ്രവർത്തനം കുറവാണ്. അതുകൊണ്ടാണ് ഇതു് ഇവിടത്തെ പഞ്ചായത്തുകളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുമോ എന്നു ചോദിച്ചതു്. പഞ്ചായത്തു്, യൂണിയൻ കൗൺസിൽ, ജില്ലാപരിഷത്തു് ഇങ്ങനെ ത്രീടയർ സിസ്റ്റമാണ് ഇതിലുള്ളതു്. ഇതിന്റെ തത്വം ഡെമോക്രറ്റിക്കാണോ, ഇന്നുള്ള ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റു കൗൺസിലിന്റെ പ്രവർത്തനം ഈ യൂണിയൻ കൗൺസിൽകൊണ്ടു് തടസ്സപ്പെടുമോ എന്നൊക്കെ ഒന്നു പറഞ്ഞാൽകൊള്ളാം.

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാനിവിടെ പറഞ്ഞു വന്നതു് ഇതിലെ പൊതുതത്വങ്ങളെ സംബന്ധിച്ചാണ്. മറ്റുള്ള കാര്യങ്ങളും പറയുവാൻ ഞാൻ വിചാരിക്കുകയാണ്. അതിനിടയ്ക്കാണ് ശ്രീ. ഗോപാലൻ എഴുന്നേറ്റു ചില ചോദ്യങ്ങളും ചോദിച്ചതു്. എന്നെ പറയുവാൻ അനുവദിക്കുക. ഞാൻ പറഞ്ഞതിനുശേഷം സംശയങ്ങളും ഉണ്ടെങ്കിൽ ചോദിക്കുക. ആദ്യം ഇവിടെ ഒരു സംശയം ഉന്നയിച്ചു. അതായതു് യൂണിയൻ കൗൺസിലിന്റെ അധികാരങ്ങളും കൊണ്ടു് പഞ്ചായത്തുകൾക്കു് ഇന്നു നിയമപ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരത്തിനു് എന്തെങ്കിലും പരിമിതി സംഭവിക്കുമോ എന്നു ചോദിച്ചു. അങ്ങനെയുള്ള ഉദ്ദേശത്തോടുകൂടിയല്ലാ ഇതുണ്ടാക്കിയിട്ടുള്ളതു്. ഇതു രണ്ടും സഹകരിച്ചുപോകണം. രണ്ടിന്റെയും അധികാരത്തിൽ വല്ല ഓവർലാപ്പിംഗും ഉണ്ടെങ്കിൽ അതു് പരിമിതപ്പെടുത്തിക്കൊണ്ടുപോകണം. ഈ അധികാരങ്ങളെപ്പറ്റി പറയുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ടു്. ഒരു പഞ്ചായത്തതുത്തിയിൽ ഒതുങ്ങി നിൽക്കാതെ പല പഞ്ചായത്തുകളിലേക്കും പോകുന്ന വില്ലേജ് റോഡുകളുണ്ടാകും. അതു് ഒരു പഞ്ചായത്തിനെക്കൊണ്ടു് മാത്രം നോക്കാൻ സാദ്ധ്യമല്ല. ഇങ്ങനെയുള്ള റോഡുകളുടെ കാര്യം യൂണിയൻ കൗൺസിൽ നോക്കണം. പഞ്ചായത്തു യൂണിയൻ കൗൺസിലിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും അതിന്റെ ഭാഗമായ പഞ്ചായത്തുകളെക്കൊണ്ടു് നടത്തുവാനുള്ള സഹായം ചെയ്യുന്നതിനുള്ള വ്യവസ്ഥകളും ഇതിൽ ചെയ്തിട്ടുണ്ടു്. മദിരാശിയിലെ സമ്പ്രദായത്തിലല്ലാ ഇവിടെ പഞ്ചായത്താക്റ്റു് ഉണ്ടാക്കിയിട്ടുള്ളതു്. ഇവിടത്തെ പഞ്ചായത്തു ആക്റ്റിൽ കൂടുതൽ അധികാരങ്ങളും പഞ്ചായത്തുകൾക്കു നൽകിയിട്ടുണ്ടു്. അതുകൊണ്ടാണു് ഞാൻ പറഞ്ഞതു് ഇതുകൊണ്ടു് പഞ്ചായത്തിന്റെ അധികാരം കുറഞ്ഞുപോകയില്ലാ എന്നു്. ബഹുജനങ്ങളുടെ പ്രതിനിധികളടങ്ങിയ യൂണിയൻ കൗൺസിലുകളുടെ പ്രവർത്തനവും, പഞ്ചായത്തുകളുടെ പ്രവർത്തനവും സഹകരിച്ചുകൊണ്ടു് മുന്നോട്ടു കൊണ്ടുപോകാൻ നമുക്കു സാധിക്കും. അതു് ഇതിലെ വ്യവസ്ഥകളും ശ്രദ്ധിച്ചു വായിച്ചാൽ മനസ്സിലാകും. ഇനി ഇക്കാര്യത്തിൽ എന്തെങ്കിലും ഭേദഗതി ആവശ്യമുണ്ടെങ്കിൽ അതു് സെലക്റ്റു കമ്മിറ്റിയിൽവച്ചു ചെയ്യാവുന്നതാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : സർ, ഒരു സംശയം ചോദിക്കാനുണ്ടു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, അദ്ദേഹത്തിന്റെ ലൈനനുസരിച്ചുള്ള പ്രതിപാദനം കഴിക്കട്ടെ. അതിനുശേഷം സംശയം ചോദിക്കാം.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : അപ്പോൾ മന്ത്രി അതിനു് മ്യൂൽഡ് ചെയ്യുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : മ്യൂൽഡ് ചെയ്യാൻ വിരോധമില്ല.

മി. സ്പീക്കർ : മന്ത്രിയുടെ വിവരണം അവസാനിപ്പിക്കട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : എന്റെ ഉപക്രമസംഭാഷണം പത്തു മണിക്കു മുൻപു അവസാനിപ്പിച്ചാൽ കൊള്ളാമെന്നുണ്ടു്. ഇതു് ഒരു പുതിയ നിയമമാണു്. പുതിയ ഒരു പരീക്ഷണമാണു് ഇപ്പോഴും നടത്തുവാൻ പോകുന്നതു്. അതുകൊണ്ടു് മെമ്പറന്മാർക്കു് എന്തെങ്കിലും സംശയമുണ്ടെങ്കിൽ അതെപ്പറ്റി ചോദിക്കാം. അതിനൊക്കെ മറുപടി പറയാൻ ഞാൻ തയ്യാറാണു്.

മി. സ്പീക്കർ : ചോദ്യമൊന്നും ഇപ്പോൾ അനുവദിക്കുന്നില്ല.

ശ്രീ. കെ. എ. ദാമോദരമേനോൻ : അപ്പോൾ ഇതിൽ എന്റെ തടസ്സമില്ലെന്നു നിങ്ങൾ മനസ്സിലാക്കണം. ഇപ്പോൾ Tax resources നടപ്പിൽ വരുത്തുന്നതിനുവേണ്ടി ചില അധികാരങ്ങൾ പഞ്ചായത്തു യൂണിയൻ കൗൺസിലിനു നൽകുന്നുണ്ടു്.

The Panchayat Union Councils are assigned the following tax resources:—

(a) Local cess at a rate to be fixed by the Government not exceeding 50 np. on every rupee of Land Revenue payable to the Government in respect of any land.

(b) Local cess surcharge at such rate as may be fixed by each Council as an addition to the local cess. The rate shall not exceed the maximum fixed by the Government.

(c) Duty on transfer of immovable property at such rate not exceeding 4 %of the amounts of the instruments.

(d) Education cess at rate not exceeding 10 % of any existing tax.

Payment of grant-in-aid from the Government is provided for under two categories. One as local cess surcharge matching grant based on the amount of local cess surcharge levied by each council and the other as general and specific grants based on the general financial position of the Union Councils and their requirements to perform their functions and duties''.

ഇങ്ങനെയുള്ള ടാക്സു് ഒക്കെ വച്ചിട്ടുണ്ടു്. ലാൻഡ് റവന്യൂവിന്റെ ബേസിസിലുള്ള സെസ്സുമൊക്കെ പറയുന്നുണ്ടു്. ഇതൊക്കെ പരിശോധിക്കാവുന്നതാണു്. സാമ്പത്തികമായ ശക്തിയില്ലെങ്കിൽ ഈ പറഞ്ഞ കാര്യങ്ങൾ നിർവഹിക്കുവാൻ സാദ്ധ്യമല്ല. അവിടെ പൊതുജനപ്രതിനിധികളായിരിക്കുന്ന ആളുകൾക്കു് ബഡ്ജറ്റുണ്ടാക്കുവാനും, അതനുസരിച്ചു് പ്രവർത്തിക്കുവാനും, സാമ്പത്തികമായ ശേഷി ഉണ്ടായിരിക്കണമെന്നുള്ളതിൽ ആർക്കും സംശയം ഉണ്ടാകുകയില്ല. അതുകൊണ്ടാണു് ഈ റിസോഴ്സസ് ഒക്കെ പറഞ്ഞിട്ടുള്ളതു്. യൂണിയൻ കൗൺസിലിന്റെ എല്ലാ വിവരങ്ങളെപ്പറ്റിയും ടാക്സിലെ എല്ലാ വകുപ്പുകളെപ്പറ്റിയും ഞാൻ പറയുന്നില്ല. സാമ്പത്തികമായ കഴിവുണ്ടാക്കുവാനുള്ള വ്യവസ്ഥ വച്ചിട്ടുള്ളതിനെപ്പറ്റി ഞാൻ പറഞ്ഞുകഴിഞ്ഞു.

പിന്നൊന്നുള്ളതു് ജില്ലാ പരിഷത്താണു്. അതു് ഒരു ഉപദേശക സമിതി തന്നെയാണു്. ഇവിടത്തെ ഡിസ്ട്രിക്റ്റുകളിൽപെട്ട മുനിസിപ്പാലിറ്റികളുടെ അദ്ധ്യക്ഷന്മാരും യൂണിയൻ കൗൺസിലിലെ അദ്ധ്യക്ഷന്മാരും, പിന്നെ അവിടെയുള്ള ഡിസ്ട്രിക്റ്റു ഓഫീസർമാരും ഒക്കെ ഉൾക്കൊള്ളുന്ന ഒരു സമിതിയാണതു്. അതിന്റെ അദ്ധ്യക്ഷൻ കളക്ടറാണു്. ഇവിടത്തെ പ്രവർത്തനങ്ങൾ കോ ഓർഡിനേറ്റു് ചെയ്തുകൊണ്ടുപോകുക, വികസന പ്രവർത്തനങ്ങളെപ്പറ്റി ആവശ്യമായ ഉപദേശങ്ങൾ ഒക്കെ നൽകുക, അതിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുക, തക്കങ്ങൾ ഉണ്ടാകാത്തവിധത്തിൽ വികസന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുക എന്നുള്ളതൊക്കെയാണു് ഈ സമിതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

ചുമതലകളും. ഇതുപോലെയുള്ള നിയമം മറ്റു ചില സംസ്ഥാനങ്ങളിൽ നടപ്പിൽ വന്നിട്ടുണ്ട്. പ്രെയർമാനേയും, പ്രസിഡണ്ടിനെയും, വൈസ് പ്രസിഡൻറിനെയും ഒക്കെ തിരഞ്ഞെടുത്തു് ഇതു് നടപ്പിൽ വന്നിട്ടുണ്ടു്. മഹാരാഷ്ട്രയിലും, ഗുജറാത്തിലും നടപ്പിൽ വന്നിട്ടുണ്ടു്. ഒന്നരണ്ടു കൊല്ലക്കാലം ഇതിന്റെ പ്രവർത്തനം പരിശോധിച്ചതിനുശേഷം കൂടുതൽ അധികാരം കൊടുക്കുകയാണു് നല്ലതെന്നു തോന്നുന്നു. രണ്ടുമൂന്നു പടികളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധികാരങ്ങളും വികേന്ദ്രീകരിച്ചു പോകേണ്ടതാവശ്യമാണു്. കഴിയുന്നതും കൺഫ്ളിക്റ്റില്ലാതെ നോക്കേണ്ടതാവശ്യമാണു്. അതുകൊണ്ടു് ജില്ലാ പരിഷത്തിനു് ഉപദേശക സമിതിയുടെ രൂപം നൽകിയാൽ മതി, പിന്നീടു് അതു വികസിപ്പിക്കുവാനുള്ള വ്യവസ്ഥയും ഉണ്ടു്. അവർക്കു് കൂടുതൽ അധികാരങ്ങളും കൊടുക്കുന്നതിനെപ്പറ്റിയും, അതിന്റെ സാധുതയെപ്പറ്റിയും, അത്രത്തോളം നാം മുന്നോട്ടുപോയാൽ ഉണ്ടാകുന്ന പൈഷമ്യങ്ങളെപ്പറ്റിയും സെലക്റ്റുകമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണു്. ഇതിൽ മൂന്നു വിഭാഗങ്ങളാണു് പറഞ്ഞുവച്ചിട്ടുള്ളതു്. യൂണിയൻ കൗൺസിലിൽ എം. എൽ. എ. മാർക്കു് അസോസിയേറ്റു മെമ്പറന്മാരായിരിക്കുവാൻ വ്യവസ്ഥയുണ്ടു്. അതുപോലെ എം. പി. മാരും ഇതിൽ അസോസിയേറ്റു മെമ്പറന്മാരാണു്. എന്നാലിവർക്കു് വോട്ടവകാശമില്ല. എല്ലാ സംസ്ഥാനങ്ങളിലും ഇങ്ങനെയൊക്കെയാണു് ചെയ്തിട്ടുള്ളതു്. ഇതെപ്പറ്റി വളരെ ആലോചിച്ചു. വളരെ ചർച്ച നടത്തി. അതിനൊക്കെശേഷം എടുത്തിട്ടുള്ള ഒരു തീരുമാനമാണിതു്. ഇതെപ്പറ്റി ആലോചിക്കുന്നതിനു് ഒരു കൺഫറൻസു് ഡൽഹിയിൽവച്ചു നടന്നു. ആ ചർച്ചകളുടെ ഒക്കെ ഫലമായിട്ടു് തൽക്കാലം എം. എൽ. എ. മാർ അസോസിയേറ്റു മെമ്പറന്മാരായിരുന്നാൽ മതി, അവർക്കു് ഇതിൽ പ്രസിഡൻറാകുവാനോ, വൈസ് പ്രസിഡൻറാകാനോ ഉള്ള അധികാരം വേണ്ട എന്നാണു് തീരുമാനിച്ചതു്. അവർ ഇതിലിരുന്നാൽ അവർക്കു കാര്യമായ സംഭാവനകളും ചെയ്യുവാൻ കഴിയും. അതുകൊണ്ടു് ഇങ്ങനെയുള്ള വ്യവസ്ഥയാണു് ഇതിൽ വച്ചിട്ടുള്ളതു്. ബഹുമാനപ്പെട്ട അംഗങ്ങൾക്കു് ഞാൻ ഈ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അല്പാതേയുള്ള അഭിപ്രായം ഉണ്ടെങ്കിൽ ഇതിന്റെ ചർച്ച നടക്കുമ്പോൾ പറയാവുന്നതാണു്. ഇതിൽ ഖണ്ഡിതമായ രൂപത്തിൽ ഗവണ്മെൻറിന്റെ നിലപാടു് ഇന്നതാണെന്നു പറയുന്നതുകൊണ്ടു് കാര്യമില്ല. സെലക്റ്റുകമ്മിറ്റി ഇതെപ്പറ്റി ആലോചിച്ചു ഒരു തീരുമാനം ചെയ്യണമെന്നാണു് എന്റെ അഭ്യർത്ഥന. എങ്കിലും നാട്ടുകാരുടെ സഹകരണത്തോടുകൂടി ഒട്ടധികം വികസന പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഈ ബിൽ നിങ്ങളുടെ കാര്യമായ ശ്രദ്ധയ്ക്കു് വിഷയീഭവിക്കണമെന്നും, അതിനു് സഹായകമായ നിലയിലുള്ള സഹകരണം നൽകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ഇതു സർക്കുലേറ്റു ചെയ്യണമെന്നുള്ള ഒന്നരണ്ടു മോഷൻ വന്നിട്ടുണ്ടു്. അതു് മൂവു ചെയ്യുകയില്ലെന്നു ഞാൻ വിചാരിക്കുന്നു. സമയമില്ലാത്തതുകൊണ്ടു് ഇതിലധികം പറയണമെന്നും ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ: മോഷൻ മൂവുചെയ്യും.

Shri K. Krishna Pillai: Sir, I move that the Kerala Panchayat Union Councils and Zilla Parishads Bill, 1964 be circulated for the purpose of eliciting public opinion thereon till 1st June 1964;

10 am.] **Mr. Speaker:** As it is timefor private Members' business, we will continue the discussion next day.

Shri E. P. Gopalan: Sir, I have got a motion in my name.

Mr. Speaker: You can move it the next day.

LIBRARY ARCHIVES Kerala Legislative Assembly